**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7396 — 14/07/2014-ൽ മറുപടിയ്ക്ക്

# ഹൈടെക് കൃഷിരീതിയുടെ വ്യാപനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.പി. മുഹമ്മദ്<br>" സണ്ണി ജോസഫ്<br>" എം. എ. വാഹീദ്<br>" അൻവർ സാദത്ത് | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) പഴം, പച്ചക്കറി വിളകളിൽ സമഗ്ര ഉത്പാദന വർദ്ധനവിനായി എന്തെല്ലാം കാര്യങ്ങളാണ് ഹൈടെക് കൃഷിരീതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | എ) പച്ചക്കറി വിളകളിൽ സമഗ്ര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഹൈടെക് കൃഷിയിൽ സംരക്ഷിത കൃഷി, സൂക്ഷ്മ കൃഷി എന്നീ രീതികൾ ഉൾപ്പെടുത്തി അത്യുത്പാദന ശേഷിയുള്ള ഹൈബ്രിഡ് വിത്തുകളാണ് കൃഷിയ്ക്കായി ഉപയോഗിക്കുന്നത്. |
| ബി) സംസ്ഥാനത്ത് എത്ര ഹെക്ടറിൽ പ്രസ്തുത കൃഷി രീതി നടത്തിവരുന്നുണ്ട്; വിശദമാക്കുമോ; | ബി) സംസ്ഥാനത്ത് നാളിതുവരെ 11.94 ഹെക്ടർ (119463.95 ചതുരശ്ര മീറ്റർ) സ്ഥലത്ത് പോളീഹൗസ് കൃഷി നടപ്പിലാക്കി വരുന്നുണ്ട്.<br>**കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം സംസ്ഥാനത്ത് 325 ഏക്കറോളം സ്ഥലത്ത് പ്രിസിഷൻ കൃഷിരീതികൾ നടപ്പിലാക്കി വരുന്നു.** |
| സി) ഇതിനായി എന്തെല്ലാം പ്രോത്സാഹനങ്ങളാണ് കർഷകർക്ക് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | സി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഗ്രീൻഹൗസ് നിർമ്മിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കിയ ഹൈടെക് കൃഷി പദ്ധതിയിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച ഒരു ചതുരശ്രമീറ്ററിന് 935 രൂപയുടെ 75 ശതമാനം തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നു. ഇതിൽ 50 ശതമാനം തുക ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 25 ശതമാനം തുക സംസ്ഥാന സർക്കാർ വിഹിതവുമാണ്. കൂടാതെ കർഷകർക്കായുള്ള പരിശീലനവും ജില്ലകൾതോറും നടത്തി വരുന്നു. 2014-15 സാമ്പത്തിക വർഷത്തിലെ ധനസഹായ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br>കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം പോളിഹൗസുകൾ |

## അനുബന്ധം

| ക്രമ നം. | വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ചെലവ് | കേന്ദ്ര വിഹിതം 50% | സംസ്ഥാന വിഹിതം 25% | ആകെ ധനസഹായം | ഗുണ ഭോക്തൃ വിഹിതം |
|---|---|---|---|---|---|---|
| | | തുക (രൂപ)/ചതുരശ്രമീറ്റർ | | | | |
| 1 | 500 വരെ | 1060.00 | 530.00 | 265.00 | 795.00 | 265.00 |
| 2 | 501 മുതൽ 1008 | 935.00 | 467.50 | 233.75 | 701.25 | 233.75 |
| 3 | 1009 മുതൽ 2080 | 890.00 | 445.00 | 222.50 | 667.50 | 222.50 |
| 4 | 2081 മുതൽ 4000 | 844.00 | 422.00 | 211.00 | 633.00 | 211.00 |

Sd/-
സെക്ഷൻ ഓഫീസർ

നിർമ്മിക്കുവാൻ സന്നദ്ധരായ കർഷകർക്ക് 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം സബ്സിഡിയായി നല്കിയിട്ടുണ്ട്. ഹൈടെക് കൃഷി രീതികൾ മനസ്സിലാക്കുന്നതിനാവശ്യമായ പരിശീലനങ്ങളും പഠനയാത്രകളും കർഷകർക്കും ഉദ്യോഗസ്ഥർക്കും കൗൺസിൽ നല്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ